I/73648/2024

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**
**ബി.ഫാം(ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം -2023**
**രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്**
**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനുള്ള സൗകര്യം ലഭ്യമാക്കി**

സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളേജുകളിലും സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലും 2023-24 വർഷത്തെ ബി.ഫാം (LE) കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് നടപടികൾ 16.03.2024ന് ആരംഭിച്ചു.

സാധുവായ ഓപ്ഷനുകളുള്ളവരും രണ്ടാമത്തെ അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും അവരുടെ ഹോം പേജിൽ ലോഗിൻ ചെയ്ത് 'Option Registration' എന്ന മെനുവിൽ 'Confirm' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. 'Online Option Confirmation' നെ തുടർന്ന് അപേക്ഷകർക്ക് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്തവ റദ്ദാക്കാവുന്നതുമാണ്. വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ ലഭ്യമായ 'Confirm' ബട്ടണിൽ ക്ലിക്കുചെയ്ത് ഹയർ ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തപക്ഷം, അവരുടെ ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ടത്തിൽ പരിഗണിക്കുന്നതല്ല. എന്നിരുന്നാലും, നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **16.03.2024 മുതൽ 18.03.2024, 5.00 PM** വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈനായി ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തവരെ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.**

18.03.2024 ന് വൈകുന്നേരം 5.00 മണി വരെ ലഭിക്കുന്ന ഓൺലൈൻ ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ള പ്രൊവിഷണൽ അലോട്ട്മെന്റ് 20.03.2024 ന് പ്രസിദ്ധീകരിക്കുകയും അന്തിമ അലോട്ട്മെന്റ് 21.03.2024 ന് പ്രസിദ്ധീകരിക്കുകയും ചെയ്യും.

**അലോട്ട്മെന്റിന്റെ സമയക്രമം ചുവടെ നൽകിയിരിക്കുന്നു.**

| | |
|---|---|
| 16.03.2024 | ഓപ്ഷൻ സ്ഥിരീകരണത്തിനായി വെബ്സൈറ്റ് തുറക്കുന്നു |
| 18.03.2024, 5.00 PM | ഓപ്ഷൻ സ്ഥിരീകരണം അവസാനിക്കുന്നു |
| 20.03.2024 | താത്ക്കാലിക അലോട്ട്മെന്റ് |
| 21.03.2024 | അന്തിമ അലോട്ട്മെന്റ് |

**ഫീസ്**

| **കോളേജ്** | **ഫീസ്** |
|---|---|
| സർക്കാർ ഫാർമസി കോളേജുകൾ | വാർഷിക ട്യൂഷൻ ഫീ-17,370/- |
| സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകൾ | വാർഷിക ട്യൂഷൻ ഫീ-98,000/- |

സ്വാശ്രയ ഫാർമസി കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് താൽക്കാലികമാണ്. അത് സർക്കാർAFRC യുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. വാർഷിക ട്യൂഷൻ ഫീസ്, മറ്റ് ഫീസ്, ഡിപ്പോസിറ്റ് (ബാധകമെങ്കിൽ)

എന്നിവ പ്രവേശന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അടയ്ക്കണം. SC/ST/OEC/മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ/ശ്രീ ചിത്ര ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം എന്നിവിടങ്ങളിലെ അന്തേവാസികൾ എന്നിവരെ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസിലെ ക്ലോസ് 4 അനുസരിച്ച് പ്രവേശനത്തിനുള്ള യോഗ്യത നേടിയിരിക്കണം.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകൾ/ ഓപ്ഷനുകൾ മാത്രമേ നിലനിർത്താൻ പാടുള്ളൂ. അലോട്ട്മെന്റ് പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ബി.ഫാം (LE) 2023 പ്രോസ്പെക്ടസും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 15-03-2024 21:44:21

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15-03-2024